പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1009 07.02.2013-ൽ മറുപടിയ്ക്ക്

പട്ടികജാതി വികസന വകുപ്പിലെ പൂൾഡ് ഫണ്ട്
മെഡിക്കൽകോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി--പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പിലെ 2011-12, 2012-13 വർഷത്തെ പൂൾഡ് ഫണ്ട് എത്ര രൂപയാണ്; ഇതിൽ നിന്നും എത്ര തുക ഏതെല്ലാം ആവശ്യങ്ങൾക്കായി ഓരോ വർഷവും ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | 2011-12 വർഷത്തിൽ 60 കോടി രൂപയും 2012-13 വർഷത്തിൽ 50 കോടി രൂപയുമായിരുന്നു പൂൾഡ് ഫണ്ടായി വകയിരുത്തിയിരുന്നത്. ചെലവഴിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പാലക്കാട് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് 2012-13 പൊതുബജറ്റിൽ എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളത്. പട്ടികജാതി വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | 2012-13 പൊതുബജറ്റ് സമയത്ത് മെഡിക്കൽ കോളേജ് തുടങ്ങുന്ന കാര്യത്തിൽ തീരുമാനമായിരുന്നില്ല. ആയതിനാൽ പൊതുബജറ്റിൽ തുക വകകൊള്ളിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ വകുപ്പിന്റെ പൂൾഡ് ഫണ്ടിൽ നിന്ന് 45 കോടി രൂപ ഇതിലേക്കായി അനുവദിച്ചിട്ടുണ്ട്. |
| (സി) | മെഡിക്കൽ കോളേജിന്റെ പൂർത്തീകരണത്തിന് എത്ര തുകയാണ് ഇപ്പോൾ വകുപ്പ് പ്രതീക്ഷിക്കുന്നത്; ഇതിൽ പട്ടികജാതി വികസന വകുപ്പിന്റെ വിഹിതമെത്രയാണ്; മറ്റേതെങ്കിലും മാർഗ്ഗത്തിൽ ധനസമാഹരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ ? | (സി) | പ്രോജക്ട് കോസ്റ്റ് 282.69 കോടി രൂപയാണ്. ഇതിലേക്കായി അധിക കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | മെഡിക്കൽ കോളേജ് പൂർണ്ണമായും ഗവൺമെന്റ് നിയന്ത്രണത്തിലാണോ; അതോ പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വാശ്രയ സ്ഥാപനമായാണോ നിലവിൽ വരിക; വിദ്യാർത്ഥി പ്രവേശനത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഏത് അക്കാദമിക് വർഷം മുതൽ ക്ലാസുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്താമോ ; | (ഡി) | മെഡിക്കൽ കോളേജ് പൂർണമായും പട്ടികജാതി വികസന വകുപ്പിന് കീഴിലാണ് പ്രവർത്തിക്കുക. കോളേജിന്റെ നടത്തിപ്പിനായി പ്രത്യേക സൊസൈറ്റി രജിസ്റ്റർ ചെയ്യും. വിദ്യാർത്ഥി പ്രവേശനത്തിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന ഘട്ടമായിട്ടില്ല. ക്ലാസ്സുകൾ 2014 - 15 അദ്ധ്യയന വർഷം ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | |
| (ഇ) | മെഡിക്കൽ കോളേജിലെ ജീവനക്കാർ പട്ടികജാതി വികസനവകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കുമോ; അതോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (ഇ) | പാലക്കാട് മെഡിക്കൽ കോളേജിനായുള്ള സൊസൈറ്റി രൂപീകൃതമായതിന് ശേഷമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം [illegible] ലഭ്യമാണ്